വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) പ്രവർത്തനം നിലച്ചു കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു*

(ബി) ഉണ്ട്.

(സി) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് & കെമിക്കൽസ് ലിമിറ്റഡിന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന സാമ്പിസിഡേറ്റ്സ് ആന്റ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമിയിൽ കേരള സിഡ്കോ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.റ്റി.ഐ.ലിമിറ്റഡുമായി ചേർന്ന് ടെക്നിക്കോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം

20 (*680) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) വികലാംഗർക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഐ. ടി രംഗത്തേയ്ക്ക് കൂടുതൽ വികലാംഗരെ ആകർഷിക്കത്തക്കവിധം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ഉണ്ട്. എല്ലാ മാസവും സർക്കാർ തലത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകന യോഗം വിളിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ, കോർപ്പറേഷന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ മാനേജിംഗ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വികലാംഗർക്കായി കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ ചുരുടെ ചേർക്കുന്നു.

1. സൗജന്യ ഉപകരണങ്ങളുടെ വിതരണം

2. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)

3. മോട്ടോർ ഘടിപ്പിച്ച സ്കൂട്ടർ വാഹനം വാങ്ങിയ വികലാംഗർക്ക് സബ്സിഡി

4. അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രോഹിബിഷ്യൻസി അവാർഡ്

5. മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്-കം-ഗൈഡൻസ്.

6. വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം

7. സൗജന്യമായ തയ്യൽ-കോഹരി വെൻഡിംഗ് മെഷീനുകൾ നൽകൽ.

8. സ്വയംതൊഴിൽ/ വിദ്യാഭ്യാസ/കൃഷി എന്നിവയ്ക്കായി നാഷണൽ ഹാൻഡിക്യാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ നൽകൽ.

9. തികച്ചും അംഗവൈകല്യമുള്ള പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സൗജന്യനിരക്കിലുള്ള പദ്ധതി

10. പ്രായമായവർക്ക് സഹായോപകരണങ്ങൾ മെഡിക്കൽ ക്യാമ്പ് നടത്തി വിതരണമാക്കൽ.

11. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടി പാലക്കാടുള്ള വൃദ്ധസദനം

12. വികലാംഗരായ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായുള്ള തൊഴിൽ പരിശീലനം.

13. കേന്ദ്ര സർക്കാരിന്റെ എൻ.പി.ആർ.പി.ഡി. പദ്ധതി പ്രകാരം കൊല്ലം പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സമ്പൂർണ്ണ വികലാംഗ പുനരധിവാസം

(സി) ഐ.ടി. രംഗത്തേക്ക് കൂടുതൽ വികലാംഗരെ ആകർഷിക്കാനുതകുന്ന പദ്ധതികൾ തനത് ഫണ്ട് വിനിയോഗിച്ച് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല എന്നതിനാൽ ടി വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതിലെ അപാകതകൾ

21 (*681) ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സ്പെഷ്യാലിറ്റി കേഡർ അപാകതകൾ പരിഹരിക്കാനായി സർക്കാർ ഡോക്ടർമാർ നടത്തുന്ന നിസ്സഹരണ സമരം മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly